ctjedayur@gmail.com



സി.ടി ജഅ്ഫർ എടയൂർ

# ഇണയെ തെരഞ്ഞെടുക്കുമ്പോൾ...

**عَنْ أَبِي هُرَيْرَةَ (ر) أَنَّ النَّبِيَ (ص) قَالَ: إِذَا خَطَبَ إِلَيْكُمْ مَنْ تَرْضَوْنَ دِينَهُ وَ خُلُقَهُ فَزَوِّجُوهُ إِلاَّ تَفْعَلُوا تَكُنْ فِتْنَةٌ فِي الأَرْضِ وَفَسَادٌ عَرِيضٌ**

അബൂ ഹുറയ്റ (റ)വിൽ നിന്ന് നിവേദനം: നബി(സ)പറഞ്ഞു: 'ദീൻ കൊണ്ട് തൃപ്തിപ്പെട്ടവനും സൽസ്വഭാവിയുമായ ഒരാൾ വിവാഹാഭ്യാർഥനയുമായി നിങ്ങളുടെ അടുക്കൽ വന്നാൽ അയാൾക്ക് നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുക. അല്ലാത്ത പക്ഷം അത് ഭൂമിയിൽ വലിയ കുഴപ്പങ്ങൾക്ക് കാരണമായേക്കും' (തിർമിദി).

ഉത്തമ കുടുംബത്തെയും വ്യക്തികളെയും സമൂഹത്തെയും അതുവഴി ലോകത്തെയും കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ പെൺമക്കളുടെ രക്ഷിതാക്കളോടുള്ള പ്രവാചകന്റെ ഉപദേശമാണിത്. വിശ്വാസികളും സൽഗുണ സമ്പന്നരുമായ ആളുകൾ വിവാഹാഭ്യർഥനയുമായി വന്നാൽ നിങ്ങളുടെ അധീനതയിലുള്ള സ്ത്രീകളെ അവർക്ക് വിവാഹം ചെയ്തുകൊടുക്കണം. ഇത്തരം ആളുകൾ സമ്പത്തോ സൗന്ദര്യമോ തറവാടിത്തമോ മറ്റു ഭൗതിക താൽപര്യങ്ങളോ ലക്ഷ്യം വെച്ചുകൊണ്ടാവില്ല വിവാഹം ആലോചിക്കുന്നത്. ദീനീ താൽപര്യങ്ങളും അഭിരുചികളുമായിരിക്കും അവർക്കുണ്ടാവുക. അതിനാൽ നിങ്ങൾ ദീനിന് മുൻഗണന നൽകിയാൽ ഇഹ-പരജീവിതത്തിൽ അത്യാഹ്ലാദമായിരിക്കും ആ ബന്ധം സമ്മാനിക്കുക. ഇനി സച്ചരിതരായ സ്ത്രീകളാണ് വിവാഹാലോചനയുമായി വരുന്നതെങ്കിൽ അവർക്ക് നിങ്ങളുടെ സംരക്ഷണത്തിലുള്ള പുരുഷന്മാരെയും വിവാഹം ചെയ്തുകൊടുക്കുക; അവൾ അനാഥയോ സനാഥയോ അടിമയോ ദരിദ്രയോ ആരുമാകട്ടെ. കാരണം, ദാരിദ്ര്യം ഒരു ന്യൂനതയല്ല. സമ്പത്ത് ഏറിയും കുറഞ്ഞുമിരിക്കാം. ഇന്നത്തെ ദരിദ്രൻ നാളെ ധനികനായേക്കാം. ഖുർആൻ പറയുന്നു: "നിങ്ങളിലെ ഇണയില്ലാത്തവരെയും നിങ്ങളുടെ അടിമകളായ സ്ത്രീപുരുഷന്മാരിൽ നല്ലവരെയും നിങ്ങൾ വിവാഹം കഴിപ്പിക്കുക. അവരിപ്പോൾ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ ഔദാര്യത്താൽ അവർക്ക് ഐശ്വര്യമേകും. അല്ലാഹു ഏറെ ഉദാരനും എല്ലാം അറിയുന്നവനുമാണ്" (24:32).

മാന്യതയും സൽസ്വഭാവവുമുള്ള പുരുഷനോ സ്ത്രീയോ വിവാഹാലോചനയുമായി വരികയാണെങ്കിൽ അവന്റെ/അവളുടെ ദാരിദ്ര്യം മാത്രം നോക്കി അത് നിഷേധിക്കരുതെന്ന് ഈ സൂക്തം ഉണർത്തുന്നു. സമ്പത്തും ഐശ്വര്യവും ആഗ്രഹിച്ച് വിവാഹം അനാവശ്യമായി നീട്ടികൊണ്ടുപോകുന്നത് നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് ദരിദ്രനായ പുരുഷനെ, അല്ലെങ്കിൽ സൗന്ദര്യത്തിനും സമ്പത്തിനും പ്രാധാന്യം നൽകാതെ, ദീനീനിഷ്ഠയും പതിവ്രതയുമായ സ്ത്രീയെ വിവാഹം കഴിക്കാൻ ആരെങ്കിലും സന്നദ്ധത പ്രകടിപ്പിച്ചാൽ തീർച്ചയായും അല്ലാഹു അവരെ സഹായിക്കും, അത് അല്ലാഹുവിന്റെ കടമയാണെന്നും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. പ്രവാചകൻ (സ) അരുളി: "മൂന്ന് പേരെ സഹായിക്കൽ അല്ലാഹു തന്റെ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നു. സദാചാരമാഗ്രഹിക്കുന്ന വിവാഹിതൻ, മോചനദ്രവ്യം നൽകാൻ കൊതിക്കുന്ന മുകാത്തബ്, ദൈവമാർഗത്തിൽ സമരം ചെയ്യുന്നവൻ" (തിർമിദി).

ഇന്ന് കുടുംബജീവിതത്തിൽ വളരെയധികം വിള്ളലുകൾ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. സ്ത്രീധനത്തിന്റെ പേരിലും അല്ലാതെയുമുള്ള പീഡനങ്ങളും അതിനെതുടർന്നുള്ള ആത്മഹത്യകളും കൊലപാതകങ്ങളും വിവാഹമോചനങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നു. മേൽ പറഞ്ഞ പ്രവാചക വചനം അവഗണിച്ചതിന്റെ അനന്തരഫലമാണിതെല്ലാമെന്ന് കാണാൻ കഴിയും. മഹാഭൂരിപക്ഷവും ദീനീ താൽപര്യങ്ങൾ അവഗണിച്ചും ഭൗതിക താൽപര്യങ്ങൾ മുൻനിർത്തിയുമാണ് വിവാഹം കഴിക്കാറും കഴിപ്പിക്കാറുമുള്ളത്. അതിനാൽ വിവാഹത്തിന്റെ കാര്യത്തിൽ രക്ഷിതാക്കൾ വളരെയധികം ജാഗ്രത പുലർത്തേണ്ടത് അനിവാര്യമാണ്.

ദീനിന് മുൻഗണന നൽകാതെ സമ്പത്തും തറവാടിത്തവും സൗന്ദര്യവും മാത്രം നോക്കി സ്ത്രീ-പുരുഷന്മാരെ വിവാഹം കഴിപ്പിക്കുന്നതിന്റെ ഫലമായി കുടുംബജീവിതത്തിലുണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾ പോലും വലിയ പ്രശ്നങ്ങളായി മാറി ഇമ്പമാർന്ന ജീവിതത്തെ നശിപ്പിക്കുന്നതിനെയാണ് 'വലിയ കുഴപ്പം' എന്ന് ഹദീസിൽ വിശേഷിപ്പിച്ചതെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഒടുവിൽ അത് സ്ത്രീപീഡനത്തിലും വിവാഹമോചനത്തിലും കലാശിക്കും. അതു കാരണം ഭർത്താക്കന്മാരില്ലാത്ത ഒരുപാട് സ്ത്രീകളെയും, ഭാര്യമാരില്ലാത്ത ഒരുപാട് പുരുഷന്മാരെയും നമുക്ക് നാട്ടിൽ കാണേണ്ടിവരും. ഭൗതിക പ്രമത്തത കാരണം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിലെ സ്ത്രീകളും പുരുഷന്മാരും വിവാഹം കഴിക്കാൻ സാധിക്കാതെ ജീവിക്കേണ്ടിവരും. അത് പിന്നീട് വ്യഭിചാരവും വേശ്യാവൃത്തിയും സമൂഹത്തിൽ വ്യാപകമാവാനിടയാക്കും.

വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീ-പുരുഷന്മാരോട് ദീനുള്ള ഇണകളെ തെരഞ്ഞെടുക്കാൻ ഇസ്‌ലാം നിഷ്കർഷിച്ചിട്ടുണ്ട്. പ്രവാചകൻ(സ) പറഞ്ഞു: "നാല് കാര്യങ്ങളുടെ പേരിൽ സ്ത്രീ വിവാഹം കഴിക്കപ്പെടുന്നു. ധനത്തിനും സൗന്ദര്യത്തിനും തറവാടിത്തത്തിനും ദീനിനും വേണ്ടി. നിങ്ങൾ ദീനിന് മുൻഗണന നൽകുക." ഒരാൾ ദീനിനോടൊപ്പം സൗന്ദര്യം ആഗ്രഹിക്കുന്നുണ്ടെങ്കിൽ കുഴപ്പമില്ല. ദീനിനോടൊപ്പം സമ്പത്തും തറവാടിത്തവും നോക്കുന്നുണ്ടെങ്കിലും പ്രശ്നമില്ല. എന്ത് തന്നെയായാലും ദീനിനായിരിക്കണം പ്രഥമവും പ്രധാനവുമായ സ്ഥാനം കൊടുക്കേണ്ടത്. സ്ത്രീപുരുഷന്മാർ അന്യോന്യം ഇണകളെ കണ്ടെത്തുമ്പോൾ മറ്റെല്ലാറ്റിനുമുപരിയായി ദീനിന് പരിഗണന നൽകുക. അല്ലാത്ത പക്ഷം അത് ഇഹത്തിലും പരത്തിലും വിപരീത ഫലമാണ് ഉളവാക്കുക. ■